പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4187

25.06.2014 ൽ മറുപടിക്ക്.

## ബാലവേല

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. എ. റ്റി. ജോർജ് :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) "സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനം വിദ്യാഭ്യാസത്തിലൂടെ" എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കമോ ; | (എ) സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. 1986 -ലെ ബാലവേല ( നിരോധനവും നിയന്ത്രണവും) നിയമത്തിന്റെയും ദേശീയ തൊഴിൽ മന്ത്രാലയം പുറപ്പെടുവിച്ച 2006-ലെ വിജ്ഞാപനത്തിന്റെയും 2000-ലെ ബാലനീതി നിയമം ഉയർത്തിപ്പിടിക്കുന്ന സന്ദേശത്തിന്റെയും വെളിച്ചത്തിൽ 14 വയസ്സിനു താഴെയുള്ള കുട്ടികളെ ബാലവേലയിൽ നിന്ന് വിമുക്തരാക്കുന്നതിനു വേണ്ടി 'ബാലവേല നിർമ്മാർജ്ജനം വിദ്യാഭ്യാസത്തിലൂടെ' എന്ന സെമിനാർ സംഘടിപ്പിച്ചു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിന് എന്തെല്ലാം കാര്യങ്ങളാണ് സെമിനാറിൽ ചർച്ച ചെയ്യുന്നത്; | (ബി) & (സി) 2010-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലൂടെയും, ഭരണഘടനയുടെ ആർട്ടിക്കിൾ 21(എ) പ്രകാരവും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം സംരക്ഷിക്കപ്പെടുന്നുണ്ട്. പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമായി നടപ്പാക്കുന്നതു വഴി കുട്ടികളെ ജോലിക്കായി അയയ്ക്കുന്ന കുടുംബങ്ങളിൽ ഈ പ്രവണത കുറച്ചുകൊണ്ട് ബാലവേല നിർമ്മാർജ്ജനം ചെയ്യാൻ കഴിയുമെന്ന ആശയം പ്രവർത്തിപഥത്തിലെത്തിക്കാൻ പൊതുസമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും കൂട്ടായ പങ്കാളിത്തവും യോജിച്ച പ്രവർത്തനവും ആവശ്യമാണ്. ഈ ലക്ഷ്യത്തെ ആസ്പദമാക്കിയുള്ള വിഷയാവതരണവും ചർച്ചയുമാണ് സെമിനാറിൽ നടന്നത്. |

(ഡി) എന്തെല്ലാം തുടർനടപടികളാണ് ഭരണതലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥ അനുഭവിക്കുന്ന കുടുംബങ്ങളിലാണ് കുട്ടികളെ ഏറെയും ബാലവേലയ്ക്ക് ഏർപ്പെടുത്തുന്നത്. ഈ കുടുംബങ്ങൾക്ക് അർഹതപ്പെട്ട സാമ്പത്തിക സഹായം നൽകി കുടുംബത്തിലെ മുതിർന്നവർക്ക് തൊഴിൽ സുരക്ഷ ഏർപ്പെടുത്തി അവരുടെ കുട്ടികൾക്ക് 2010-ലെ വിദ്യാഭ്യാസ അവകാശ നിയമാനുസൃതമുള്ള സൗജന്യ നിർബന്ധിത വിദ്യാഭ്യാസം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കേണ്ടത് അനിവാര്യമാണ്. ഇതിനായി സർക്കാർ തലത്തിൽ വിദ്യാഭ്യാസ, തൊഴിൽ, സാമൂഹ്യനീതി, പോലീസ് വകുപ്പുകളുടെ സംയോജിച്ച കർമ്മ പദ്ധതി നടപ്പാക്കാനും അതോടൊപ്പം ചൈൽഡ്ലൈൻ മുതലായ സന്നദ്ധ സംഘടനകളുടെയും, തൊഴിലുടമകളുടെ സംഘടനകളുടെയും സഹകരണവും ഉറപ്പുവരുത്തിക്കൊള്ള കർമ്മപദ്ധതി രൂപീകരിച്ച് ആയത് പ്രാവർത്തികമാക്കാൻ ഭരണകൂടത്തിനുള്ള ഉത്തരവാദിത്വവും ബാദ്ധ്യതയും ചർച്ചയിൽ ചൂണ്ടിക്കാണിച്ച് ബാലവേലയ്ക്കെതിരെ തൊഴിൽ വകുപ്പും, ചൈൽഡ് ലൈനും പോലീസ് വകുപ്പും ഒന്നിച്ചുള്ള പരിശോധനകൾ ശക്തമാക്കാനും, ഒപ്പം തൊഴിലുടമകൾ അവരുടെ തൊഴിൽ സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുന്നതിനായി ചൈൽഡ് ലൈൻ ഡിസൈൻ ചെയ്ത ബാലവേലയ്ക്കെതിരെയുള്ള 10 പോസ്റ്ററുകൾ സംസ്ഥാന വ്യാപകമായി എത്തിച്ചുകൊടുക്കാനും പരാതികളിന്മേൽ സമയബന്ധിതമായി നിയമ നടപടികൾ സ്വീകരിക്കുന്ന കാര്യം ഊർജ്ജിതമാക്കാനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ആഫീസർ.